പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5578 06/07/2012-ൽ മറുപടിക്ക്.

**ആബി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| **(എ) 'ആബി പദ്ധതിയുടെ' ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;** | **(എ) പഞ്ചായത്ത് പ്രദേശത്തെ ഭൂരഹിതരോ അഞ്ച് സെന്റിൽ താഴെ ഭൂമി ഉള്ളവരോ ആയ കുടുംബങ്ങൾക്കാണ് പദ്ധതിയിൽ അംഗത്വ ത്തിന് അർഹതയുള്ളത്. പദ്ധതിയിൽ അംഗമായവർക്ക് സ്വാഭാവിക മരണം സംഭവിക്കുകയാണെങ്കിൽ 30,000/- രൂപയും അപകട മരണം, അപകടത്തിൽ സ്ഥായിയായ അംഗവൈകല്യം എന്നിവയ്ക്ക് 70,000/- രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 37,500/- രൂപയും ആണ് ആനുകൂല്യമായി ലഭിക്കുന്നത്. കൂടാതെ പദ്ധതിയിൽ അംഗമായവരുടെ 9 മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് (ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക്) പ്രതിമാസം 100/- രൂപ നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കും.** |
| **(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;** | **(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്വത്തോടുകൂടി എൽ.ഐ.സി. യുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പ് ചുമതല ചിയാക്കിനാണ് നൽകിയിരിക്കുന്നത്.** |
| **(സി) അർഹതയുള്ള എല്ലാ കുടും ബാംഗങ്ങളേയും പ്രസ്തുത പദ്ധതിയിൽ അംഗമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?** | **(സി) അർഹതയുള്ള എല്ലാ കുടുംബ ങ്ങളെയും പദ്ധതിയിൽ അംഗമാക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ അക്ഷയ സെന്ററുകൾ വഴി രജിസ്റ്റർ ചെയ്യുന്നതിന് 31/07/2012 വരെ അവസരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പത്ര ദൃശ്യ മാധ്യമങ്ങൾ വഴി പ്രചാരണവും നൽകി വരുന്നു.** |

സെക്ഷൻ ഓഫീസർ